# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-5275 | 24.10.2011-ൽ മറുപടിക്ക്

### യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. എ. റ്റി. ജോർജ്ജ്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. പി. എ. മാധവൻ

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടു വരുന്നത്;

**മറുപടി**

കുമാരി പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

(എ) ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം തുടങ്ങി അതിനൂതനങ്ങളായ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്ത യുവജനക്ഷേമ ബോർഡിന്റെ വെബ്സൈറ്റ് (www.jalakam.in) യുവജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കി വരുന്നു. വിശദവിവരങ്ങൾ www.youthkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ യുവശക്തി പദ്ധതിയുടെ ഭാഗമായുള്ള യൂത്ത് സെന്ററുകൾ വഴി രക്തദാന ഫോറം, ലേബർ ബാങ്ക്, യുവകർമ്മ സേന, കാർഷിക ക്ലബ്ബുകൾ, കാർഷിക ബോധവൽക്കരണ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, പരീക്ഷാ പരിശീലനങ്ങൾ, ആരോഗ്യ-സാമൂഹിക ബോധവൽക്കരണ പരിപാടികൾ, കലാമേളകൾ, തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കേരളോത്സവം

| | |
|---|---|
| | ക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട്; |
| (ബി) യുവജനങ്ങളുടെ ഏതെല്ലാം മേഖലയിലുള്ള വികസനത്തിനാണ് ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) യുവജനശാക്തീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. യുവജനങ്ങളുടെ ഭൗതികവും സാംസ്ക്കാരികവും സാഹിത്യപരവും കലാ-കായികപരവും തൊഴിൽപരവുമായ സർവതോന്മുഖമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ബോർഡ് നടപ്പിലാക്കി വരുന്നത്. SC/ST വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്; |
| (സി) ഈ ലക്ഷ്യങ്ങൾ കൈവരിക്കാനായി എല്ലാ യുവജനകേന്ദ്രങ്ങളിലും പ്രവർത്തനം സജീവമാക്കുമോ;<br>(ഡി) ഇതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) യുവജന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ